**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; എന്തൊക്കെ കാര്യങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് അനുവദിക്കുന്നത് തദ്ദേശ വകുപ്പ് എഞ്ചിനീയർമാരാണ് .കെട്ടിടങ്ങളുടെ സങ്കേതിക പരിശോധന നടത്തിയാണ് ഫിറ്റ്നസ് അനുവദിക്കുന്നത്. |
| (ബി) | ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിലും അനധികൃത നിർമ്മിതികളിലും സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്കൂൾ തുറക്കുന്നതിനു മുൻപു തന്നെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല എന്നും DGE/9520/2025-QIP1 DTD 13-05-2025 നമ്പർ സർക്കുലർ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ; | (സി) | ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല |
| (ഡി) | തേവലക്കര ഹൈസ്കൂളിൽ എട്ടാംക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്താൻ കഴിയുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ DGE/11198/2024 – QIP1 തീയതി 26.07.2025 സർക്കുലർ പ്രകാരം സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ